## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംമ്പർ: 452      11.12.2012 ലെ മറുപടിക്ക്

**ട്രെയിൻ ബോഗികളുടെ ഗുണനിലവാരമില്ലായ്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തുനിന്നും സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികളുടെ ഗുണനിലവാരമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. മാദ്ധ്യമങ്ങളിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് അഭ്യർത്ഥിച്ചു കൊണ്ട് കേന്ദ്ര റയിൽവേ മന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തുനിന്നും റിപ്പയറിംഗിനായി കൊണ്ടുപോകുന്ന ബോഗികൾക്ക് പകരമായി പഴയ ബോഗികളാണ് തിരികെയെത്തിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ബോഗികളുടെ റിപ്പയറിംഗിന് സംസ്ഥാനത്ത് എവിടെയൊക്കെ സൗകര്യം ഒരുക്കിയിട്ടുണ്ട് ; | (സി) | ബോഗികളുടെ പീരിയോഡിക് ഓവർഹോളിംഗിനായി സംസ്ഥാനത്ത് സൗകര്യം ലഭ്യമല്ല. എന്നാൽ ഇന്റർമീഡിയറ്റ് ഓവർഹോളിംഗിന് തിരുവനന്തപുരം, നാഗർകോവിൽ, എറണാകുളം എന്നിവിടങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തുനിന്നും റിപ്പയറിംഗിനായി കൊണ്ടു പോകുന്ന ബോഗികൾ തന്നെ തിരികെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | റിപ്പയറിംഗിനു നല്കുന്ന കോച്ചുകൾക്ക് പകരമായി അപ്പോൾ തന്നെ വേറെ കോച്ചുകൾ നല്കുക എന്നതാണ് നിലവിലുള്ള സമ്പ്രദായം. |

സെക്ഷൻ ഓഫീസർ